# നീര ഉത്പാദനം; എക്സൈസിന്റെ നിയന്ത്രണം വേണമെന്ന് ബിഎംഎസ്

ആലപ്പുഴ: കൃഷി, എക്സൈസ് വകുപ്പുകളുടെ പ്രത്യേക അനുമതിയില്ലാതെ നീര ഉത്പാദിപ്പിക്കാൻ അനുവദിക്കുമെന്ന മന്ത്രി കെ.പി. മോഹനന്റെ പ്രസ്താവനയിൽ കേരള പ്രദേശ് ടോഡി ആൻഡ് അബ്കാരി മസ്ദൂർ ഫെഡറേഷൻ (ബിഎംഎസ്) സംസ്ഥാന സമിതി പ്രതിഷേധിച്ചു.

തെങ്ങിൽ നിന്നു ലഭിക്കുന്ന ലഹരിയുള്ള പാനീയം പിന്നീട് മാത്രമാണ് ലഹരി ഒഴിവാക്കി നീരയാക്കുന്നത്. തെങ്ങുകൃഷി ചെയ്യുന്ന എല്ലാവരും ലഹരിയുള്ള പാനീയം ഉത്പാദിപ്പിക്കുകയും അത് യഥേഷ്ടം യാതൊരു നിയന്ത്രണവുമില്ലാതെ വിൽപന നടത്തുകയും ചെയ്താൽ ഉണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ ഗുരുതരമായിരിക്കും.

എന്നാൽ സ്വന്തം വീട്ടിലെ തെങ്ങിൽ നിന്ന് നീര ഉത്പാദിപ്പിക്കാൻ വിവിധ വകുപ്പുകളുടെ കാലുപിടിക്കേണ്ട ഗതികേട് ഒഴിവാക്കുമെന്ന മന്ത്രിയുടെ പ്രസ്താവന നിരുത്തരവാദപരമാണ്. ഇതനുസരിച്ചാണെങ്കിൽ സ്വന്തം വീട്ടിൽ കഞ്ചാവ് കൃഷി ചെയ്യുന്നവന്റെ ഇഷ്ടത്തിനനുസരിച്ച് ഉപയോഗിക്കാൻ അനുവദിക്കേണ്ടി വരും. കള്ളു ചെത്ത് വ്യവസായത്തിന് ദോഷം വരാത്ത വിധം നീര ഉത്പാദിപ്പിക്കാൻ എക്സൈസ് വകുപ്പിന്റെ പൂർണ നിയന്ത്രണത്തിൽ മാത്രമേ അനുവാദം നൽകൂവെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് വിരുദ്ധമാണ് മന്ത്രിയുടെ പ്രസ്താവന. ഇത് പിൻവലിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. ഫെഡറേഷൻ പ്രസിഡന്റ് എം.കെ. ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ബി. രാജശേഖരൻ, വൈസ് പ്രസിഡന്റ് വി.എൻ. രവീന്ദ്രൻ, കെ.കെ. സ്റ്റാലിൻ, കെ. കൃഷ്ണൻകുട്ടി എന്നിവർ സംസാരിച്ചു.